## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 11.10.2011- ൽ |
| നിയമസഭാ ചോദ്യം നം. 2450 | മറുപടിയ്ക്ക് |

## എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റിൽ ക്രമക്കേട് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | 50 ശതമാനം മാർക്ക് വേണമെന്ന നിബന്ധന നിലവിലിരിക്കെ 43 ശതമാനം മാർക്ക് മാത്രമുള്ള ഒരു വിദ്യാർത്ഥി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടത് എങ്ങനെയെന്ന് വിശദമാക്കുമോ ; | (ബി) | 2011ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കും രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകിയാണ്. എന്നാൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് യോഗ്യത പരീക്ഷയുടെ മാർക്ക് കണക്കാക്കുമ്പോൾ ഒന്നാം വർഷവും, രണ്ടാം വർഷവും, ലഭിച്ച മൊത്തം മാർക്കാണ് പരിഗണിക്കുന്നത്. അതായത് ഒരു വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യത നേടാൻ രണ്ടു വർഷത്തേയും മാർക്കുകൾ കൂട്ടി 50% മിനിമം നേടിയാൽ മതിയാകും. ആയതിനാൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ രണ്ടാം വർഷ പരീക്ഷയിൽ 50% മാർക്ക് ഇല്ലാത്തവരെയും എഞ്ചിനീയറിംഗ് റാങ്കിലേയ്ക്ക് പരിഗണിച്ചിരുന്നു. |

...........മറുപുറം

| | | | |
|---|---|---|---|
| | | | രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ കുറവ് ഒന്നാം വർഷ പരീക്ഷയിലെ മാർക്ക് കൊണ്ട് പരിഹരിക്കപ്പെടാൻ സാദ്ധ്യത ഉള്ളതുകൊണ്ടാണ് രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ 50% മാർക്കിൽ താഴെയുള്ള വിദ്യാർത്ഥികളെയും എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിലേയ്ക്കായി പരിഗണിച്ചത്. പ്രോസ്പെക്ടസ് നിബന്ധന പ്രകാരം അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ അവരവരുടെ യോഗ്യതാ പരീക്ഷകളിലെ അക്കാദമിക് എലിജിബിലിറ്റി കോളേജ് പ്രിൻസിപ്പൽ മുൻപാകെയാണ് തെളിയിക്കേണ്ടത്. ഇത് പരിശോധിച്ച് വിദ്യാർത്ഥികൾക്ക് മിനിമം അക്കാദമിക് എലിജിബിലിറ്റി ഉണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് അതാത് പ്രിൻസിപ്പൽമാരുടെ ചുമതലയാണ്. |
| (സി) | റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന സമിതിയിലെ എക്സ്പെർട്ട് കമ്മിറ്റിയംഗം ഡോ. എം.പി ചന്ദ്രശേഖരൻ രേഖപ്പെടുത്തിയ വിയോജന കുറിപ്പിന്റെ സാരാംശം വ്യക്തമാക്കാമോ ? | (സി) | ഔദ്യോഗികമായ വിയോജന കുറിപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ